LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ.ബാലകൃഷ്ണൻ)

(എ) ഉണ്ട്.

(ബി) 1. സ്വയം തൊഴിൽ അധിഷ്ഠിതമായ ഗ്രാമവ്യവസായങ്ങൾ ആരംഭിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

2. പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക, അതിലൂടെ തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് അവരവരുടെ പ്രദേശത്ത് തന്നെ തൊഴിൽ അവസരങ്ങൾ സംജാതമാക്കുക.

3. സ്ഥിരമായ തൊഴിൽ അവസരങ്ങളിലൂടെ മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പ് വരുത്തുക.

4. തൊഴിലാളികളുടെ കഴിവ് വർദ്ധിപ്പിക്കുക, അതിലൂടെ അവരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടാക്കുക.

5. ചെറുകിട വ്യവസായമേഖലയ്ക്ക് കൂടുതൽ വായ്പകൾ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക.

(സി) കേന്ദ്ര ഖാദി കമ്മീഷൻ, വിവിധ ധനകാര്യ സ്ഥാപനങ്ങൾ, ജില്ലാ സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള മറ്റ് ബാങ്കുകളുടെയും പരിപൂർണ്ണ സഹകരണത്തോടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

## സഹകരണപ്രസ്ഥാനങ്ങളും കാർഷിക വികസനവും

15 (*495) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കാർഷിക മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി കർഷകർക്ക് കൂടുതൽ ഗുണകരമായ പദ്ധതികൾ നടപ്പാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അവ ഇനി പറയുന്നവയാണ്.

സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പക്കാർക്ക് കുടിശ്ശിക ഇളവ് നൽകുന്നതിനുമായി കുടിശ്ശിക നിവാരണ പദ്ധതിയായ 'ആശ്വാസ്' നടപ്പിലാക്കി. കൂടാതെ, നിക്ഷേപ രംഗത്ത് ഉണർവ്വുണ്ടാക്കുന്നതിനുള്ള നിക്ഷേപ സമാഹരണ പരിപാടി, നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിക്ഷേപ ഗ്യാരന്റി സ്കീം, സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് പ്രാതിനിധ്യം, കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതി, കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ, ടൂറിസം, ലേബർ രംഗത്ത് അപ്പക്സ് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തത്, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ, സഹകാരികൾ, ജീവനക്കാർ തുടങ്ങിയവർക്കുള്ള ധനസഹായ പദ്ധതികളുടെ പരിഷ്കരണം, വിവിധ മേഖലകളിൽ പഠന സമിതികളെ നിയമിക്കൽ, റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരണം, സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി നടപ്പിലാക്കിയ "എന്റെ സംഘം" ക്യാമ്പയിൻ, ഓഡിറ്റിൽ തടഞ്ഞിട്ടുള്ളത് ദീർഘകാലമായി ഈടാക്കാതെയും കൊടുത്തു തീർക്കാതെയും നിൽക്കുന്ന തുകകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്ന് നിയമാനുസൃതം നീക്കം ചെയ്യുന്നതിനായി നടത്തിയ 'ഉണർവ്', ക്യാമ്പയിൻ, സഹകരണ നിയമ ഭേദഗതി, സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിരം നിർമ്മാണം, 7-ാം സഹകരണ കോൺഗ്രസ്സ്/എക്സ്പോ എന്നിവ സംഘടിപ്പിച്ചത്, ഹ്രസ്വകാല കാർഷിക വായ്പയിലെ പലിശ രഹിത വായ്പാ പദ്ധതി, കർഷക സേവന കേന്ദ്രങ്ങൾ, സഹകാരികളുമായി ആശയ വിനിമയം നടത്തുന്നതിനുള്ള "മുഖാമുഖം" പരിപാടി, ആഡിറ്റ് കാലാനുസൃതമാക്കൽ, സഹകരണ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ, സഹകരണ സ്ഥാപനങ്ങൾ മുഖേന അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയായ "ആലില" പദ്ധതി, ജൈവ പച്ചക്കറികൃഷി ലക്ഷ്യമാക്കിക്കൊണ്ടുള്ള "സുവർണ്ണകേരളം" പദ്ധതി, 'മിഷൻ 676' പ്രകാരം നടപ്പിലാക്കിയ വിവിധ പദ്ധതികൾ എന്നിവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉപകരിച്ചിട്ടുണ്ട്.

(ബി) കാർഷിക മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി ഗുണകരമായ നിരവധി പദ്ധതികൾ സഹകരണ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. അവ ഇനി പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന 7% ന് ഹ്രസ്വകാല കാർഷിക വായ്പകൾ വിതരണം നടത്തിവരുന്നു. കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പരമാവധി 5% പലിശ ഇളവ് നൽകുന്നു. അതോടൊപ്പം കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകുന്ന പരമാവധി 3% പലിശ ഇളവ് കൂടി ഉൾപ്പെടുത്തി ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി നല്കി വരുന്നു. ടി പദ്ധതി കാർഷികമേഖലയുടെ സഹായത്തിന് വഴിയൊരുക്കുന്നു.

കൂടാതെ, നെൽകൃഷിക്ക് മുഴുവൻ പലിശയും സർക്കാർ റീഇംബേഴ്സ് ചെയ്ത് സംഘത്തിന് നൽകുന്നതിനാൽ നെൽകൃഷിക്കുള്ള വായ്പകൾ പൂർണ്ണമായും പലിശരഹിതമായിട്ടാണ് നൽകുന്നത്. കർഷകരെ പ്രോത്സാഹിപ്പിച്ച് കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പുമായി സഹകരിച്ച് തെരഞ്ഞെടുക്കപ്പെട്ട 60 ബ്ലോക്കുകളിൽ ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുകവഴി കർഷകർക്കാവശ്യമായ വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുന്നതിനും ആധുനിക കാർഷിക ഉപകരണങ്ങൾ, ശാസ്ത്രീയമായ കൃഷിരീതി എന്നിവ ചെയ്യുന്നതിനുള്ള പരിശീലനവും നിർദ്ദേശവും നൽകുന്നതിനും, കാർഷിക വിളകളുടെ വിൽപ്പന, കർഷകർക്കുള്ള ധനസഹായം ലഭ്യമാക്കുക എന്നിവയ്ക്കുള്ള ഏജൻസിയായി പ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെ ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ബ്ലോക്കുതലത്തിലുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് സഹായകരമായി പ്രവർത്തിച്ചു വരുന്നു. NCDC ധനസഹായത്തോടെ സംഘങ്ങൾ ഗോഡൗൺ നിർമ്മിക്കുന്നതും കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണത്തിനായി യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളതും NCDC ധനസഹായത്തോടെ വിത്ത്, വളം, കീടനാശിനി മുതലായവ വിൽപ്പന നടത്തുന്നതിനുള്ള ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും, കൊപ്ര, നാളികേരം, നെല്ല് സംഭരണ പദ്ധതികളും, വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള മറ്റ് കാർഷിക അനുബന്ധ പദ്ധതികളും കാർഷിക മേഖലയുടെ സഹായത്തിന് വഴിയൊരുക്കുന്നു. ഇതിന് പുറമെ, സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ പച്ചക്കറികൾ, അനുബന്ധ ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ സംഭരണ വിപണനത്തിനായി "സുവർണ്ണം" എന്ന പേരിൽ ഒരു വിപണന ശൃംഖല 2015 ഓഗസ്റ്റ് മാസം മുതൽ ഒരു താലൂക്കിൽ ഒന്ന് എന്ന കണക്കിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായ സംഘങ്ങൾ/സ്വാശ്രയ ഗ്രൂപ്പുകൾ എന്നിവ മുഖാന്തരം നടത്തുന്ന പ്രവർത്തനങ്ങൾ, കാർഷികമേഖലയിൽ ഉണർവ് ഉണ്ടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly